**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740** **19-01-2021 - ൽ മറുപടിയ്ക്ക്**

**കുട്ടമ്പുഴയിൽ പുതിയ സർക്കാർ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പതിനാറിലധികം വരുന്ന ആദിവാസി കോളനികൾ ഉൾപ്പെടുന്നതും പിന്നോക്ക പ്രദേശവുമായ കുട്ടമ്പുഴയിൽ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കുട്ടമ്പുഴ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ഇവിടെ പുതിയ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുള്ള അനുകൂല റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; ഇതു സംബന്ധിച്ച് ഏതെങ്കിലും ഫയൽ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; | (സി) | അനുയോജ്യമായ ഭൂമി ലഭ്യമാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരിക യാണ്. ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പിൽ ബി3/518/2017/ഉ.വി.വ നമ്പർ ഫയൽ നിലവിലുണ്ട്. |
| (ഡി) | പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പുതിയ അധ്യയന വർഷം തന്നെ കോളേജ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്ഥലലഭ്യത, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തുടങ്ങിയ വസ്തുതകൾ കണക്കിലെടുത്ത് ഇക്കാര്യം തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ